# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 232 11.06.2012 -ൽ മറുപടിയ്ക്ക്

### പട്ടുവത്ത് ഷുക്കർ എന്ന യുവാവിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. അബ്ദുസ്സമദ് സമദാനി :<br>ശ്രീ പി. കെ.ബഷീർ :<br>ശ്രീ കെ.എം.ഷാജി :<br>ശ്രീ പി. ഉബൈദുള്ള : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) കണ്ണൂരിലെ പട്ടുവത്ത് ഷുക്കർ എന്ന യുവാവിന്റെ കൊലപാതകം ആസൂത്രണം ചെയ്ത് നടപ്പാക്കിയ രീതിയിൽ, ആവിർഭവിച്ചിട്ടുള്ള മനുഷ്യത്വഹീനവും അക്രമികൾ നിയമം കയ്യാളുന്നതുമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സംഭവം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) 20.02.2012 – ന് കണ്ണപുരം പി. എസ്. പരിധിയിലെ അരിയിൽ കീഴറ വള്ളുവൻ കടവിൽ ഒരു കൂട്ടം സി. പി. ഐ. (എം) പ്രവർത്തകർ ഹനീഫ (S/o കുഞ്ഞുമുഹമ്മദ്) എന്നയാളുടെ വീട്ടിൽ അഭയം പ്രാപിച്ചിരുന്ന ഷുക്കൂർ (S/o മൂസ, വയസ്സ് 29), സക്കറിയ എന്നിവരെ അവിടെ നിന്നും ബലമായി അടുത്തുള്ള കൈപ്പാട് എംടാത്തു വയലിൽ കൊണ്ടുപോയി കഠാര, ഇരുമ്പ് ദണ്ഡ് മുതലായവകൊണ്ട് ആക്രമിച്ചതിനെ തുടർന്ന് ഷുക്കൂർ മരണപ്പെടുകയുണ്ടായി. സക്കറിയ മാരക മുറിവുകളോടെ രക്ഷപ്പെടുകയും ചെയ്തു. ഇതു സംബന്ധിച്ച് കണ്ണപുരം പി. എസ് - ൽ Cr.136/12 u/s 143, 147, 148, 364, 324, 307, 447, 302 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു. തിരിച്ചറിഞ്ഞ 34 പ്രതികളിൽ 25 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| സി) അധികാരികളെയും, നേതാക്കളെയും വഴിതടയുക, ബഹിഷ്കരിക്കുക എന്നീ നടപടികൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ സമരമാർഗ്ഗമായി സ്വീകരിച്ച് നടപ്പാക്കിയിട്ടുള്ളതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; | (സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഡി) എങ്കിൽ അത്തരം നടപടിയുടെ പേരിൽ അതിലുൾപ്പെട്ടുന്നവരെ ഏതെങ്കിലും കോടതി എപ്പോഴെങ്കിലും വധശിക്ഷയ്ക്ക് വിധിച്ചിട്ടുണ്ടോ ; | (ഡി) ഇതു സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |
| ഇ) പ്രതീകാത്മക പ്രതികാര നടപടിയായി വധശിക്ഷ പരസ്യമായി നടപ്പാക്കിയ സംഭവത്തിലെ ഗൂഡാലോചന പുറത്തുകൊണ്ടുവന്ന്, എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും സി. ബി. ഐ. അന്വേഷണം ഏർപ്പെടുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ ? | (ഇ) ഈ കേസിൽ നടന്നു കൊണ്ടിരിക്കുന്ന അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ